പാരമ്പര്യേതര ഊർജ്ജവുമായി ബന്ധപ്പെട്ട് വിതരണം ചെയ്ത ഉപകരണങ്ങൾ

155 (5560) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ട് ഊർജ്ജ സുരക്ഷാമിഷൻ പദ്ധതി വഴി കേരളത്തിലെ എത്ര പഞ്ചായത്തുകളിൽ പാരമ്പര്യേതര ഊർജ്ജവുമായി ബന്ധപ്പെടുത്തി എത്ര തരത്തിലുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നു ; പ്രസ്തുത ഉപകരണങ്ങളുടെ പേര് എന്ത് ; 2006 മേയ് മുതൽ ഇന്നുവരെ ഓരോ ഉപകരണവും എത്ര എണ്ണം നാളിതുവരെ വാങ്ങി, എത്ര തുക ഇതുവരെ ഓരോ ഉപകരണത്തിനുമായി വിനിയോഗിച്ചിട്ടുണ്ട് ; വർഷം തിരിച്ച്, ഇനം തിരിച്ച്, വില സഹിതം വിശദമാക്കുമോ ;

(ബി) പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിന്റെ ടെണ്ടറിൽ എത്ര കമ്പനികൾ പങ്കെടുത്തു ; പ്രസ്തുത കമ്പനികൾ ഏതൊക്കെ; ഓരോന്നിനും ഇവർ രേഖപ്പെടുത്തിയ തുക എത്ര വീതം ; കമ്പനികൾ ഒപ്പിട്ട മിനിറ്റ്സിന്റെ കോപ്പി ലഭ്യമാക്കുമോ ; എന്നാണ് ടെണ്ടർ നടന്നത് ;

(സി) മേൽ ഉപകരണങ്ങളുടെ ഓരോന്നിന്റെയും ടെക്നിക്കൽ സ്പെസിഫിക്കേഷന്റെ കോപ്പി ലഭ്യമാക്കുമോ ; ഇവയുടെ സാമ്പിൾ പരിശോധന നടത്തിയ ടെസ്റ്റ് റിപ്പോർട്ടിന്റെ കോപ്പി എന്നിവ ലഭ്യമാക്കുമോ ; സാമ്പിൾ പരിശോധന നടത്തിയിട്ടില്ലെങ്കിൽ ഏത് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കമ്പനികളെ തിരഞ്ഞെടുത്തത് ; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) മേൽപ്പറഞ്ഞ പർച്ചേസുമായി ബന്ധപ്പെട്ട് ഒരു പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; ആരൊക്കെയാണ് പ്രസ്തുത കമ്മിറ്റിയിൽ ഉള്ളത് ; റിട്ടയർ ചെയ്ത ആൾക്കാർ എത്ര ; കരാർ ജീവനക്കാർ എത്ര ; സ്ഥിരം ജീവനക്കാർ എത്ര ; ഇവ തരംതിരിച്ച് പേര് സഹിതം വിശദമാക്കുമോ ; പർച്ചേസ് കമ്മിറ്റി എടുത്ത തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനെർട്ട് ഊർജ്ജ സുരക്ഷാമിഷൻ മുഖാന്തിരം വിദൂര ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രകാരം കേരളത്തിലെ 5 ജില്ലകളിലായി 49 ഹാംലറ്റുകളിലെ 4204 കുടുംബങ്ങൾക്ക് 2 സി.എഫ്.എൽ. ബൾബുകൾ, സോളാർ പാനൽ, ബാറ്ററി ഇവ അടങ്ങിയ സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്തു വരുന്നു. ഇതുകൂടാതെ 231 പഞ്ചായത്തുകളിൽ (1) സോളാർ വാട്ടർ ഹീറ്റർ (2) സോളാർ കുക്കർ, (3) സോളാർ ഡ്രെയർ (4) സോളാർ പി. വി. ലൈറ്റിംഗ്, (5) ഹോട്ട് ബോക്സ്, (6) സോളാർ സ്റ്റഡ്, (7) എൽ. ഇ. ഡി. ഗാഡ്ജറ്റ്സ്, (8) ബയോമാസ് കുക്ക് സ്റ്റൗവ് എന്നീ ഉപകരണങ്ങൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഈ ഉപകരണങ്ങൾ വാങ്ങിയിട്ടില്ല. ടെണ്ടർ നടപടി അന്തിമ ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

2006 മുതൽ ടെണ്ടർ നടപടികൾ പൂർത്തിയായി വിതരണം ചെയ്തു കൊണ്ടിരിക്കുന്ന ഉപകരണം സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റമാണ്. 4204 എണ്ണത്തിന് ആകെ 4,91,65,780 രൂപ 2009-10-ൽ ചെലവായി. ഇതുകൂടാതെ അനെർട്ട് നേരിട്ട് ഊർജ്ജസുരക്ഷാ മിഷൻ മുഖാന്തിരമല്ലാതെ ദക്ഷത കൂടിയ അടുപ്പ്, ദക്ഷത കൂടിയ കമ്മ്യൂണിറ്റി അടുപ്പ്, ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ, കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ സോളാർ വാട്ടർ ഹീറ്റർ തുടങ്ങിയ ഉപ കരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധം 3 ആയി വയ്ക്കുന്നു.†

(സി) എം.എൻ.ആർ.ഇ. അംഗീകരിച്ചിട്ടുള്ള ഉൽപ്പാദകരിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയത്. ടെസ്റ്റ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.†

(ഡി) ഉണ്ട്. കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുള്ളവർ

(1) ശ്രീ. എ.എം. നാരായണൻ, ഡയറക്ടർ, അനെർട്ട്

(2) ശ്രീ. രാജഗോപാലൻ ആചാരി, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

(3) ശ്രീ. ഹരികുമാർ, സ്റ്റേറ്റ് ടെക്നിക്കൽ ഡയറക്ടർ, അനെർട്ട്

(4) ശ്രീമതി ഷീജ, ഫിനാൻസ് ഓഫീസർ, അനെർട്ട്

(5) ശ്രീ. എം. രഘുകുമാർ, കൺവീനർ, ആർ.വി.ഇ.പി., അനെർട്ട്

(6) ശ്രീ. ശരത്ത് ചന്ദ്രൻ, സെക്ഷൻ ഓഫീസർ, അനെർട്ട് എന്നിവരാണ്.

പർച്ചേസ് കമ്മിറ്റിയുടെ തീരുമാനം അനുബന്ധം 2 ആയി കൊടുക്കുന്നു.†

സോളാർ സംവിധാനത്തിലൂടെ വിദൂര ഗ്രാമ വൈദ്യുതീകരണ പദ്ധതി

156 (5561) ശ്രീ. കെ. ബാബു :
ശ്രീ. എൻ. ശക്തൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ജോർജ് മേഴ്സിയർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പാരമ്പര്യേതര ഊർജ്ജ മേഖലയുടെ വികസനത്തി നായി സോളാർ സംവിധാനത്തിലൂടെ നടപ്പാക്കുന്ന വിദൂര ഗ്രാമ വൈദ്യുതീ കരണ പദ്ധതിക്കായി എന്തൊക്കെ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര കുടുംബങ്ങൾക്ക് ഇതുവരെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ;

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly